"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇടുക്കി ചെറുതോണി ഡാമുകൾ നിബന്ധനകൾക്ക് വിധേയമായി മൂന്ന് മാസത്തേക്ക് സന്ദർശിക്കുന്നതിന് പൊതുജനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഊർജ്ജ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.159/2024/POWER തീയതി,തിരുവനന്തപുരം, 31-08-2024

പരാമർശം:-

1. സ.ഉ. (സാധാ) 71/2024/Power തീയതി 09/04/2024
2. കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടറുടെ 28.05.2024 ലെ KHTC/HQ/Idukki- cheruthoni/2024/163 നമ്പർ കത്ത്
3. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടി ആയ ഇടുക്കി ജില്ലാ കളക്ടറുടെ 25/06/2024 തീയതിയിലെ DCIDK/4120/2020-DM1 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി നിശ്ചിത നിബന്ധനകളോടെ 31/05/2024 വരെയുള്ള കാലയളവിൽ തുറന്നുകൊടുക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് എല്ലാ ദിവസവും പൊതുജനങ്ങൾക്ക് സന്ദർശനാനുമതി നൽകണമെന്ന് പരാമർശം (2)-ലെ കത്ത് പ്രകാരം കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**2.** ഇടുക്കി, ചെറുതോണി ഡാമുകളിൽ നിലവിൽ അറ്റകുറ്റപ്പണികൾ നടന്നു വരുന്ന സാഹചര്യത്തിൽ പ്രസ്തുത ജോലികൾക്ക് തടസ്സം വരാത്ത രീതിയിൽ പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ കർശന സുരക്ഷാ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ശനി, ഞായർ ദിവസങ്ങളിലും ബുധൻ ഒഴികെയുള്ള മറ്റ് പൊതു അവധി ദിവസങ്ങളിലും പൊതുജനങ്ങൾക്ക് സന്ദർശനാനുമതി നല്കാവുന്നതാണെന്ന് പരാമർശം (3)-ലെ കത്ത് പ്രകാരം ഇടുക്കി ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി, ബുധനാഴ്ചകളിലും വെള്ളം തുറന്നുവിടേണ്ട ദിവസങ്ങളിലും ഒഴികെ താഴെ പറയുന്ന നിബന്ധനകളോടെ ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേയ്ക്ക് തുറന്നുകൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഡാമിലും പരിസര പ്രദേശങ്ങളിലും മാലിന്യ സംസ്കരണം നടത്തുന്നതിനു മതിയായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.
2. ഡാമുകളുടെ പരിസരത്ത് മതിയായ താൽക്കാലിക ശുചിമുറി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
3. ഈ കാലയളവിൽ സെക്യൂരിറ്റി ഗാർഡുകളെ അധികമായി നിയമിച്ച് സിസിടിവി ക്യാമറാ നിരീക്ഷണത്തിലൂടെയും, മെറ്റൽ ഡിറ്റക്ടറുകളുടെ സഹായത്തോടെയും, പ്രവേശനം ക്രമപ്പെടുത്തുക

4. ഡാമിന്റെ പരിസര പ്രദേശങ്ങളിൽ പ്ലാസ്റ്റിക് നിക്ഷേപിക്കുന്നത് ഒഴിവാക്കുക

5. ജൈവമാലിന്യങ്ങൾ ദിവസേന നീക്കം ചെയ്യുക.

6. ഗ്രീൻ പ്രോട്ടോകോൾ ഉറപ്പുവരുത്തുക.

7. ഡാമിന്റേയും പരിസര പ്രദേശങ്ങളുടേയും പൂർണ്ണമായ സുരക്ഷ ഉറപ്പ് വരുത്തേണ്ടത് പ്രസ്തുത സ്ഥലത്ത് നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പൂർണ്ണമായ ഉത്തരവാദിത്തമായിരിക്കും. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ച ഗൗരവതരമായി കാണുന്നതാണ്.
8. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്ത് ബാരിക്കേഡുകളും മറ്റും ഉപയോഗിച്ച് വർക്ക് സൈറ്റുകൾ വേർതിരിച്ച് പ്രവേശനം കർശനമായി നിയന്ത്രിക്കുക.
9. പൊതുജനങ്ങളുടെ സുരക്ഷയുടേയും അണക്കെട്ടുകളുടെയും പരിസരപ്രദേശങ്ങളുടേയും സുരക്ഷയുടെയും പൂർണ്ണ ഉത്തരവാദിത്തം കേരള ഹൈഡൽ ടൂറിസം സെന്ററും പോലീസ് വകുപ്പും ഏറ്റെടുക്കേണ്ടതാണ്. കേരള ഹെഡൈൽ ടൂറിസം സെന്റർ ഇടുക്കി ഡാം സേഫ്റ്റി എൻജിനീയറുമായി കൂടിയാലോചിച്ച് ഡാമിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ തടസപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
10. പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി എടുക്കേണ്ട ഇൻഷുറൻസുകളുടെ ഇനത്തിലെ ചെലവ് ഹൈഡൽ ടൂറിസം സെന്റർ വഹിക്കേണ്ടതാണ്.
11. ഡാമിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതിയെ പൊതുജന പ്രവേശനം ഒരു തരത്തിലും ബാധിക്കുവാൻ പാടില്ല.
12. 16.09.2023 ന് ജില്ലാ കളക്ടർ നടത്തിയ യോഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ സുരക്ഷാ പ്രോട്ടോക്കോളുകളും പാലിച്ചായിരിക്കണം പൊതുപ്രവേശനം അനുവദിക്കേണ്ടത്
13. സന്ദർശനത്തിനായി ഒരു സമയം പരമാവധി 2 0 പേർക്ക് മാത്രമായി പ്രവേശനം പരിമിതപ്പെടുത്തേണ്ടതാണ്
14. അണക്കെട്ടിന് മുകളിലൂടെ പൊതുജനങ്ങൾക്ക് പ്രവേശനാനുമതി നൽകേണ്ട റൂട്ട് വാഴത്തോപ്പിലെ ഡാം സേഫ്റ്റി ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കൂടിയാലോചിച്ചാവണം ഹൈഡൽ ടൂറിസം സെന്റർ അന്തിമമാക്കേണ്ടത്. ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്
15. ശക്തമായ മഴയുള്ള കാലാവസ്ഥ മുന്നറിയിപ്പുകൾ (ഓറഞ്ച്, റെഡ് അലെർട്ടുകൾ) നിലനിൽക്കുന്ന ദിവസങ്ങളിലും ജില്ല ദുരന്ത നിവാരണ അതോറിറ്റി വിനോദസഞ്ചാരത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്ന ദിവസങ്ങളിലും പൊതുജനങ്ങളുടെ പ്രവേശനം ഒഴിവാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHY C S
ജോയിന്റ് സെക്രട്ടറി

1) ജില്ലാ കളക്ടർ & ചെയർപേഴ്സൺ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ഇടുക്കി.

2) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ. എസ്. ഇ. ബി. ലിമിറ്റഡ്, തിരുവനന്തപുരം.

3) ഡയറക്ടർ (ജനറേഷൻ-സിവിൽ), കെ. എസ്. ഇ. ബി. ലിമിറ്റഡ്, തിരുവനന്തപുരം.

4) ജില്ലാ പോലീസ് മേധാവി, ഇടുക്കി.

5) ഡയറക്ടർ, ഹൈഡൽ ടൂറിസം സെന്റർ, കെ. എസ്. ഇ. ബി. ലിമിറ്റഡ്.

6) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

7) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

8) വനം വന്യജീവി (ഡി) വകുപ്പ്

9) വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്

10) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Rajeev P
Date: 31-08-2024 18:27:41

Signed by
Sreesh K P
Date: 02-09-2024 09:01:28

സെക്ഷൻ ഓഫീസർ